2009
മാർച്ച് 28
ശനി

The First International Indian Newspaper
ഗൾഫ് മാധ്യമം

GULF MADHYAMAM GMYM 171 SATURDAY MARCH 28 , 2009 RABEE-UL-AKHIR 1, 1430. PAGE 16, ISSUE 3642

# വിദേശ തൊഴിലാളികൾക്ക് എൽ.എം.ആർ.എ മാർഗനിർദേശം പുറപ്പെടുവിച്ചു

കെ. കണ്ണൻ

മനാമ: ലേബർ മാർക്കറ്റ് റഗുലേറ്ററി അതോറിറ്റി വിദേശ തൊഴിലാളി ഗൈഡ് പുറത്തിറക്കി. എൽ.എം.ആർ.എ വഴി ലഭിക്കുന്ന സേവനങ്ങളും ബഹ്റൈനിലേക്ക് വരുന്നതിനുമുമ്പ് എടുക്കേണ്ട മുൻകരുതലുകളും വന്നുകഴിഞ്ഞാലുള്ള നടപടിക്രമങ്ങളും വിശദമാക്കുന്നതാണ് ഗൈഡ്.

വർക്ക് പെർമിറ്റ് അനുവദിക്കുകയും പുതുക്കുകയും ചെയ്യുക, ഒരു തൊഴിലുടമയിൽ നിന്ന് മറ്റൊരാളിലേക്ക് മാറുന്നത് നിയമപ്രകാരമാണെന്ന് ഉറപ്പാക്കുക, വിദേശികൾക്കും കുടുംബങ്ങൾക്കും റസിഡൻറ് പെർമിറ്റ്, എൻട്രി, റി- എൻട്രി വിസകൾ, തിരിച്ചറിയൽ രേഖകൾ എന്നിവ അനുവദിക്കുന്നതിൽ അതാത് വകുപ്പുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുക, ആരോഗ്യ മന്ത്രാലയവുമായി ബന്പ്പെട്ട് ആരോഗ്യ പരിശോധനക്ക് തീയതി തീരുമാനിക്കുക, ഹെൽത്ത് സർട്ടിഫിക്കറ്റ് നൽകുക തുടങ്ങിയ കാര്യങ്ങളാണ് എൽ.എം.ആർ. എ ചെയ്യുന്നത്.

ബഹ്റൈനിൽ വരുംമുമ്പ് വിദേശ തൊഴിലാളികൾ അവരുടെ വർക്ക് വിസയുടെ വിശദാംശങ്ങൾ www.lmra.bh എന്ന വെബ്സൈറ്റുവഴി അറിഞ്ഞിരിക്കണം. വർക്ക് വിസയുടെ ഐ.ഡി നൽകിയാൽ ഇത് പരിശോധിക്കാം.

ആറുമാസം വരെയെങ്കിലും കാലാവധിയുള്ള പാസ്പോർട്ടിൻെറ രണ്ടു പകർപ്പ്, എൽ.എം.ആർ.എ അനുവദിച്ച വർക്ക് വിസയുടെ പകർപ്പ്, തൊഴിൽ കരാറിൻെറ പകർപ്പ്, കുടുംബം ഒപ്പമുണ്ടെങ്കിൽ വിവാഹ സർട്ടിഫിക്കറ്റിൻെറ പകർപ്പ്, ഡ്രൈവിംഗ് ലൈസൻസോ വിദ്യാഭ്യാസ- തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകളോ ഉണ്ടെങ്കിൽ അത് എന്നിവ കൈവശമുണ്ടായിരിക്കണം.

ബഹ്റൈനിൽ എത്തിയ ദിവസം എൽ. എം.ആർ.എ ഓഫീസ് സന്ദർശിച്ച് വർക്ക് വിസ, പാസ്പോർട്ട് എന്നിവ ഹാജരാക്കണം. സി.പി.ആർ, റസിഡൻറ് പെർമിറ്റ് എന്നിവ ലഭിക്കാനും ആരോഗ്യ പരിശോധനക്ക് ദിവസം നിശ്ചയിക്കാനും എൽ.എം. ആർ.എ സഹായം നൽകും. വിരലടയാളം, ഫോട്ടോ, ഇ- സിഗ്നേച്ചർ എന്നിവ എൽ.എം.ആർ.എയിൽ സമർപ്പിക്കണം. ബഹ്റൈനിൽ എത്തി ഒരു മാസത്തിനകം ഈ വിവരങ്ങൾ നൽകണം. ലോക്കൽ ട്രാൻസ്ഫറാണെങ്കിൽ വിരലടയാളം എൻറോൾ ചെയ്ത ശേഷമായിരിക്കും വിസക്ക് നിയമപ്രാബല്യം ലഭിക്കുക.

കുടുംബവും കൂടെയുള്ള മറ്റ് ആശ്രിതരും വിദേശിക്കൊപ്പമോ അയാൾ വന്നതിനുശേഷമോ ആയിരിക്കണം വരേണ്ടത്. ഓരോ കുടുംബാംഗത്തിനും പ്രത്യേകം പാസ്പോർട്ട് വേണം. ബഹ്റൈനിൽ എത്തിയശേഷം നിയമതടസം ഒഴിവാക്കാനും താമസവും തൊഴിലും നിയമവിധേയമാണെന്ന് ഉറപ്പാക്കാനും ഇനി പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

തൊഴിൽ കരാറിൽ വ്യക്തമാക്കിയ തൊഴിൽ മാത്രം ചെയ്യുക, അനുവദിക്കപ്പെട്ട തൊഴിലുടമയുടെ കൂടെയും വർക്ക് പെർമിറ്റിൽ പറയുന്ന സ്ഥലത്തും മാത്രം ജോലി ചെയ്യുക. എൽ.എം.ആർ.എ അധികൃതരുമായും പരിശോധകരുമായും സഹകരിക്കുക, പാസ്പോർട്ട് , മറ്റാർക്കും നൽകാതെ സ്വന്തം കൈവശം മാത്രം സൂക്ഷിക്കുക. വർക്ക് പെർമിറ്റ് ലഭിക്കാനോ തൊഴിൽ മാറാനോ ആർക്കും പണം കൊടുക്കരുത്, തൊഴിൽ കരാർ പ്രകാരമുള്ള ജോലികൾ ചെയ്യുക, ബഹ്റൈനിലെ നിയമമനുസരിച്ച് ജീവിക്കുകയും ഇവിടുത്തെ ജനങ്ങളുടെ പാരമ്പര്യവും ജീവിതരീതിയും മാനിക്കുകയും ചെയ്യുക. തൊഴിലുടമയുടെ അനുവാദമില്ലാതെ 15 ദിവസത്തിൽ കൂടുതൽ ജോലിക്ക് ഹാജരാകാതിരിക്കരുത്. എൽ.എം.ആർ.എ അനുവദിച്ചതും പുതുക്കിയതുമായ വർക്ക് പെർമിറ്റിൽ മാത്രം ജോലി ചെയ്യുക. തൊഴിലുടമയുമായി ബന്പ്പെട്ട തൊഴിൽ പ്രശ്നങ്ങൾക്ക് തൊഴിൽ മന്ത്രാലയവുമായി (ഫോൺ: 17873777) എന്ന നമ്പറിൽ ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക് എൽ.എം.ആർ.എ കോൾ സെൻററുമായി ബന്ധപ്പെടുകയോ (ഫോൺ: 17506055) വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക (www.lmra.bh). വെബ്സൈറ്റിലുള്ള എക്സ്പാറ്റ് പോർട്ടലിൽ സി.പി.ആർ നമ്പറും പാസ്പോർട്ട് കാലാവധി തീരുന്ന തീയതിയും അടിച്ചുകൊടുത്താൽ വിസയുടെ തൽസ്ഥിതി അറിയാം.